"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ പവിത്രേശ്വരം കെ.എൻ.എൻ.എം.വി എച്ച്.എസ്.എസ്- ലെ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി. ബിന്ദു.എസ്.നായർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3178/2025 ന്മേലുള്ള 28.01.2025-ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4280/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. ശ്രീമതി. ബിന്ദു.എസ്.നായർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3178/2025 ന്മേലുള്ള 28.01.2025-ലെ വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.03.2025 ലെ ഇ.റ്റി1/4540/2025/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പവിത്രേശ്വരം കെ.എൻ.എൻ.എം.വി എച്ച്.എസ്.എസ്- ലെ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി. ബിന്ദു.എസ്.നായർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3178/2025 ന്മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട്, Ext. P8 കത്തിന്റെ അടിസ്ഥാനത്തിൽ Ext. P9 ഹർജി പരിശോധിച്ച്, നാല് മാസത്തിനുള്ളിൽ ഉചിത തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കെ.എൻ.എൻ.എം.വി എച്ച്.എസ് പവിത്രേശ്വരം സ്കൂളിലെ എൽ.ജി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി ബി.എസ് കൃഷ്ണകുമാരിയെ 02.06.2008 മുതൽ എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിച്ച ഒഴിവിൽ മാനേജർ ശ്രീമതി.ബിന്ദു എസ് നായരെ എൽ.ജി (ഹിന്ദി) അധ്യാപികയായി 02.06.2008 മുതൽ നിയമിച്ചു. എന്നാൽ, ശ്രീമതി കൃഷ്ണകുമാരി ജി.എസ് ന്റെ പ്രൊമോഷൻ 01.06.2011 മുതൽ മാത്രമാണ് അംഗീകരിച്ച് നൽകിയത് തന്മൂലം ശ്രീമതി ബിന്ദു.എസ് നായരുടെ നിയമനവും 01.06.2011 മുതൽ മാത്രമാണ് അംഗീകരിച്ച് നൽകിയിരുന്നത്. നിലവിൽ ശ്രീമതി.കൃഷ്ണകുമാരി ബി.എസ് ന്റെ 02.06.2008 മുതലുള്ള പ്രൊമോഷൻ നിയമനം 12.10.2022 തീയതിയിലെ ബി2/61/2021/പൊ.വി.വ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി ബിന്ദു എസ് നായരുടെ 02.06.2008 മുതലുള്ള ഒഴിവ് വ്യവസ്ഥാവിതമായിട്ടുണ്ട്. ആയതിനാൽ ശ്രീമതി ബിന്ദു എസ് നായരുടെ

02.06.2008 മുതൽ 31.05.2011 വരെയുള്ള എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം പരിഗണിക്കാവുന്നതാണെന്ന് കാണുന്നു.

3) മേൽ സാഹചര്യത്തിൽ ശ്രീമതി ബിന്ദു എസ് നായരുടെ 02.06.2008 മുതൽ 31.05.2011 വരെയുള്ള എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
മാനേജർ, കെ.എൻ.എൻ.എം.വി എച്ച്.എസ്.എസ്, പവിത്രേശ്വരം പി.ഒ, പുത്തൂർ, കൊല്ലം - 691 507
ശ്രീമതി. ബിന്ദു എസ്.നായർ, എച്ച്.എസ്.ടി (ഹിന്ദി), കെ.എൻ.എൻ.എം.വി എച്ച്.എസ്.എസ്, പവിത്രേശ്വരം പി.ഒ, പുത്തൂർ, കൊല്ലം - 691 507
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 28-06-2025 13:01:27**
സെക്ഷൻ ഓഫീസർ